"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ്-വീറ്റ് ബെയ്‌സ്ഡ് ന്യൂട്രിഷൻ പ്രോഗ്രാം 2024-25 സാമ്പത്തിക വർഷം 2nd,3rd ക്വാർട്ടറിൽ Pregnant & Lactating ഗുണഭോക്താക്കൾക്ക് ഗോതമ്പ് വിതരണം ചെയ്ത നടപടിയ്ക്ക് സാധൂകരണം നൽകിയും,ഗോതമ്പ് ആട്ടയാക്കി വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.55/2025/WCDD തീയതി,തിരുവനന്തപുരം, 05-02-2025

---

പരാമർശം:-

1. സ.ഉ(സാധാ) നം.135/2024/WCD തീയ്യതി 04/04/2024
2. സ.ഉ(സാധാ) നം.327/2024/WCD തീയ്യതി 08/08/2024
3. വനിത ശിശു വികസന ഡയറക്ടറുടെ 20/09/2024, 10/12/2024 തീയ്യതികളിലെ DWCD/1055/2024-ICDSB3 Part(1) നമ്പർ കത്ത്.

**ഉത്തരവ്**

2024-25 സാമ്പത്തിക വർഷത്തേയ്ക്ക് WPNP പദ്ധതി പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങൾ അതാത് ഗുണഭോക്താക്കൾക്ക് പുതുക്കിയ അളവിൽ നൽകുന്നതിനും, കേന്ദ്ര മാർഗ്ഗ നിർദ്ദേശ പ്രകാരം ഈ പദ്ധതിയിൽ Pregnant & Lactating Women ഉൾപ്പെടെയുള്ള ഗുണഭോക്താക്കളെ കൂടി പരിഗണിച്ചും, പുതിയ ഇനം ഭക്ഷ്യ ധാന്യങ്ങൾ കൂടി ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ച Annual Requirementന് പരാമർശം (1) പ്രകാരം സാധൂകരണം നൽകി ഉത്തരവായിട്ടുണ്ട് .

(2) പുതുക്കിയ മാർഗ്ഗനിർദ്ദേശ പ്രകാരം 2024-25 സാമ്പത്തിക വർഷം മുതൽ P&L ഗുണഭോക്താക്കൾക്ക് പ്രതിദിനം 100gm (monthly / feeding days -25) എന്ന കണക്കിൽ ഒരു ക്വാർട്ടറിലേക്ക് 7500gm ഗോതമ്പ് ആണ് വിതരണം ചെയ്യേണ്ടത്. കേന്ദ്ര സർക്കാരിൽ നിന്ന് കി.ഗ്രാമിന് 2/- രൂപ സബ് സിഡി നിരക്കിൽ അനുവദിക്കുന്ന ഗോതമ്പ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം എല്ലാ നടപടി ക്രമങ്ങളും പാലിച്ച് ആട്ട ആക്കി വിതരണം ചെയ്യുന്നതിന് പരാമർശം(2) പ്രകാരം അനുമതി നൽകിയിട്ടുണ്ട് .

(3) ഗോതമ്പ് പ്രൊസസ് ചെയ്ത് ആട്ടയാക്കി സപ്ലൈകോ ഡിപ്പോകളിൽ എത്തിക്കുന്നതിന് ഒരു കി.ഗ്രാം പാക്കറ്റിന് Rs. 6.26+5% GST എന്ന നിരക്കിൽ ചെലവ് വരുന്നതാണെന്ന് സിവിൽ സപ്ലൈസ് കോർപറേഷൻ അറിയിച്ചിട്ടുണ്ടെന്നും, 1കി.ഗ്രാം ഗോതമ്പിന്റെ വില 2/- രൂപയും ആട്ടയാക്കുന്നതിന് ഒരു കി.ഗ്രാമിന് Rs. 6.573/- ഉം (6.26+5% GST), ചേർത്ത് ആകെ

Rs.8.573/- രൂപയാണ് ചെലവ് വരുന്നതെന്നും P&L ഗുണഭോക്താക്കൾക്ക് 100gm per day ഗോതമ്പ് വെച്ച് ഒരു ക്വാർട്ടറിലേക്ക് 7500gm എന്ന അളവിൽ ആണ് ഗോതമ്പ് വിതരണം ചെയ്യേണ്ടതുണ്ടെന്നും ഒരു ഗുണഭോക്താവിന് ഒരു ക്വാർട്ടറിലേക്ക് 64.2975/-രൂപയും ഒരു ദിവസത്തേയ്ക്ക് 0.8573/- രൂപയും ചെലവ് വരുന്നുണ്ടെന്നും പരാമർശം(3) പ്രകാരം വനിത ശിശു വികസന ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

(4) കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം P&L ഗുണഭോക്താക്കൾക്ക് അനുപൂരക പോഷകാഹാര പദ്ധതിയിൽ പ്രതിദിനം 600 കലോറി, 20-25gm പ്രോട്ടീൻ എന്നിവ അടങ്ങിയ ഭക്ഷണ പദാർത്ഥങ്ങൾ അങ്കണവാടികളിലൂടെ വിതരണം ചെയ്യേണ്ടതാണ് . നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി DPC അംഗീകാരത്തോടെയാണ് അനുപൂരക പോഷകാഹാര പദ്ധതി നടപ്പിലാക്കുന്നത്. അനുപൂരക പോഷകാഹാര പദ്ധതിക്കായി 50 : 50 അനുപാതത്തിൽ കേന്ദ്ര / സംസ്ഥാന വിഹിതമായി ഗുണഭോക്താവിന് പ്രതിദിനം 9.5/- രൂപ നിരക്കിൽ തുക അനുവദിച്ച് വരുന്നു. ഇത്തരത്തിൽ ലഭ്യമാകുന്ന കേന്ദ്ര / സംസ്ഥാന വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പദ്ധതി നിർവഹണം നടത്തി വരികയും ചെയ്യുന്നു. 2024-25 സാമ്പത്തിക വർഷം 2nd,3rd ക്വാർട്ടറുകളിൽ ഗോതമ്പ് (in raw form) ആയി അങ്കണവാടികളിലൂടെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനു ജില്ലകൾക്ക് അനുവദിച്ചു നൽകിയ നടപടിയ്ക്ക് സാധൂകരണം നൽകി, ഒരു കി.ഗ്രാം പാക്കറ്റിന് 6.26+5% GST നിരക്കിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന എല്ലാ നടപടി ക്രമങ്ങളും പാലിച്ചു ആട്ട ആക്കി വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (3) പ്രകാരം വനിത ശിശു വികസന ഡയറക്ടർ അഭ്യർഥിച്ചിട്ടുണ്ട്.

(6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷം 2nd, 3rd ക്വാർട്ടറിൽ ഗോതമ്പ്(in raw form) ആയി അങ്കണവാടികളിലൂടെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത വനിത ശിശു വികസന ഡയറക്ടറുടെ നടപടിയ്ക്ക് സാധൂകരണം നൽകിയും , ഗോതമ്പ് ഒരു കി.ഗ്രാം പാക്കറ്റിന് Rs.6.26+5% GST നിരക്കിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന എല്ലാ നടപടി ക്രമങ്ങളും പാലിച്ചു ആട്ട ആക്കി വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 07-02-2025 16:45:26